**No. CEE/4012/PGM-2017/TA3**


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2017
## ഓൺലൈൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസരം

2017 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിശദാംശങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷാർത്ഥികൾക്ക് മേൽ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'PGM2017-Candidate Portal'/'MDS2017-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Memo'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിശോധിക്കാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യുന്നതിനും **2017 മാർച്ച് 20 വൈകുന്നേരം 5 മണി**വരെ സമയം ലഭ്യമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുശേഷം ന്യൂനതകൾ പരിഹരിക്കുന്നതിനോ, രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതല്ല. ന്യൂനതകൾ പരിഹരിക്കാത്തവരുടെ അപേക്ഷകൾ റദ്ദ് ചെയ്യുന്നതാണ്. ഇതു സംബന്ധിച്ച യാതൊരു പരാതിയും പിന്നീട് പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം
16.03.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**